**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4972** **20-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ജവഹർ കോളനി ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ ജവഹർ കോളനി ഗവ. ഹൈസ്കൂളിന് നബാർഡ് മുഖാന്തിരം രണ്ട് കോടി രൂപ ചെലവാക്കി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി നിർത്തിവച്ചതിന്റെ കാരണം വിശദമാക്കാമോ; | (എ) | **വാമനപുരം മണ്ഡലത്തിലെ ജവഹർ കോളനി ഗവ. ഹൈസ്കൂളിന് നബാർഡ് ട്രാഞ്ചെ XXIII പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നു വന്ന കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ കാലാവധി 30/09/2023-ൽ അവസാനിക്കുക യുണ്ടായി. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കോൺട്രാക്ടർക്ക് സ്റ്റോപ്പ് മെമ്മോ നൽകി ടി കെട്ടിടത്തിന്റെ പണികൾ നിർത്തിവെച്ചിരിക്കുകയാണ്.** |
| (ബി) | പ്രസ്തുത കെട്ടിടപൂർത്തീകരണത്തിന് ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും എന്ന് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | **ടി സ്കൂളിലെ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഗ്രൗണ്ട് ഫ്ലോർ കോൺക്രീറ്റ് ചെയ്യുകയും ഒന്നാം നിലയിലേയ്ക്കുള്ള പില്ലറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ